LIBRARY ARCHIVES Kerala Legislative Assembly

നികുതി വരുമാനം

134 (3288) ശ്രീ. കോറിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നിർണ്ണയിച്ചിരിക്കുന്ന മൊത്ത നികുതി വരുമാനം, മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ എത്ര ശതമാനമാണ്; ഇത് 2014-15 വർഷത്തേതിനേക്കാൾ കുറവാണോ കൂടുതലാണോ; വിശദമാക്കുമോ;

(ബി) 2014 വർഷത്തിൽ ബഡ്ജറ്റിൽ നിർണ്ണയിച്ചിരുന്ന നികുതി വരുമാനം ആഭ്യന്തര ഉല്പാദനത്തിന്റെ എത്ര ശതമാനമായിരുന്നു; മുൻ വർഷത്തെ കണക്കുകൾ പ്രകാരം യഥാർത്ഥത്തിൽ എത്ര ശതമാനമാണ് ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നിർണ്ണയിച്ചിരിക്കുന്ന മൊത്ത നികുതി വരുമാനം മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 10.26 ശതമാനമാണ്. ഇത് 2014-15-ലേതിനെക്കാൾ കുറവാണ്. 2015-16 ലെ മൊത്തം ആഭ്യന്തര ഉല്പാദനം കണക്കാക്കിയിരിക്കുന്നത് Market Price നെ അടിസ്ഥാനമാക്കിയാണ്. എന്നാൽ 2014-15 ൽ ഇത് Constant Price-നെ അടിസ്ഥാനമാക്കിയാണ് ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ കണക്കാക്കിയപ്പോൾ മൊത്തം ആഭ്യന്തര ഉല്പാദനം കൂടിയതാണ് ഈ വ്യത്യാസത്തിന് കാരണം.

(ബി) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നിർണ്ണയിച്ചിരുന്ന നികുതി വരുമാനം, ആഭ്യന്തര ഉല്പാദനത്തിന്റെ 11.14 ശതമാനമായിരുന്നു. മുൻ വർഷത്തെ അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകളെ അടിസ്ഥാനമാക്കി കണക്കാക്കുമ്പോൾ ഇത് യഥാർത്ഥത്തിൽ 9.21 ശതമാനമാണ്

റാന്നി താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ്

135 (3289) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ഡയാലിസിസ് യൂണിറ്റ് അനുവദിച്ചുകൊണ്ട് എന്നാണ് ഉത്തരവായത്; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഏതൊക്കെ ആശുപത്രികളിലാണ് ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്;

(ഖി) റാന്നി താലൂക്ക് ആശുപത്രിക്ക് അനുവദിച്ച ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം ഇതേവരെ ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉത്തരവ് ഇറങ്ങി രണ്ട് വർഷം കഴിഞ്ഞിട്ടും ഇതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഇതിന്റെ പ്രവർത്തനം ആരംഭിക്കണമെങ്കിൽ ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളത്;

(ഇ) പ്രസ്തുത ഡയാലിസിസ് യൂണിറ്റിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; ആർക്കാണ് തുക കൈമാറിയിട്ടുള്ളത്; റാന്നിയിലെ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് ജി.ഒ(ആർ.റ്റി)നമ്പർ 114/2013/റ്റി.ഡി. തീയതി 5-2-2013 പ്രകാരമാണ് ഡയാലിസിസ് യൂണിറ്റ് അനുവദിച്ചുകൊണ്ട് ഉത്തരവായത്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.* പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റലുകളിൽ താമരശ്ശേരിയിൽ മാത്രമാണ് കാരുണ്യ ഡയലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്.

(ബി) ഉണ്ട്.

(സി - ഇ) റാന്നി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നത് സംബന്ധിച്ചുള്ള കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് സമർപ്പിച്ചിട്ടുള്ള 95,61,949 രൂപയുടെ എസ്റ്റിമേറ്റ് കാരുണ്യ ബനവലന്റ് ഫണ്ടിന്റെ സംസ്ഥാനതല സമിതി അംഗീകരിച്ച് നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി) നം.114/2013/റ്റി.ഡി. തീയതി 5-2-2013 പ്രകാരമാണ് ഡയാലിസിസ് യൂണിറ്റ് അനുവദിച്ചുകൊണ്ട് ഉത്തരവായത്. ആശുപത്രി, കാരുണ്യ ബനവലന്റ് ഫണ്ട്, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്നിവർ ചേർന്നുള്ള Tripartite Agreement ഒപ്പിട്ടതനുസൃതമായി എസ്റ്റിമേറ്റ് തുകയുടെ 50% നിർമ്മാണ പ്രവർത്തനങ്ങൾക്കായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകുന്നതാണ്. ഈ തുക നൽകിയതിനുശേഷം നിശ്ചിത തീയതിക്കുള്ളിൽ ഡയാലിസിസ് സെന്റർ പ്രവർത്തനം ആരംഭിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly